## കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

മങ്ങാട്ടുപറമ്പ കാമ്പസ് ,ഐ ടി പഠന വിഭാഗം - പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ സയൻസസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാം ഫീസ് - സർവ്വകലാശാല സിണ്ടിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി വിഭാഗം**

അക്കാഡ് ഡി/6323/Fee/2017 തീയതി: 06.07.2022

---

പരാമർശം:-1.ഇതേ ഫയലിലെ 14.01.2021 ലെ ഉത്തരവ്
2 .വകുപ്പ് മേധാവിയുടെ 30.03.2022 തീയതിയിലെ DIT/PGDDSA Regulations/ 2022 നമ്പർ കത്ത്.
3 .സർവ്വകലാശാല സിണ്ടിക്കേറ്റ് ന്റെ 27.05.2022തീയതിയിലെ 2022.280 ഇനം തീരുമാനം.
4 .03.06.2022 തീയതിയിലെ സർവ്വകലാശാല സ്റ്റാൻഡിങ് കമ്മിറ്റി CRLP & Finance യുടെ യോഗതീരുമാനം.
5 .സർവ്വകലാശാല സിണ്ടിക്കേറ്റ് ന്റെ 27.06.2022തീയതിയിലെ 2022.345 ഇനം തീരുമാനം.

### ഉത്തരവ്

1.പരാമർശം (1) പ്രകാരം മങ്ങാട്ടുപറമ്പ കാമ്പസ് , ഐ ടി പഠന വിഭാഗത്തിൽ 2021-22 വർഷം മുതൽ ആരംഭിച്ച പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ സയൻസസ് ആൻഡ് അനലിറ്റിക്സ് (PGDDS )പ്രോഗ്രാമിലേക്കുള്ള ഫീസ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട കരുതൽ ധനം (Caution Deposit) 5000/- (അയ്യായിരം രൂപ മാത്രം ) ആണ്.

2. 2022-23 വർഷ പ്രവേശനം മുതൽ ഈ കോഴ്സിന്റെ കരുതൽ ധനം(Caution Deposit) 5000/- യിൽ നിന്നും 1000/-രൂപയായി കുറക്കാനും ,Department Development Fund ആയി 1000/- രൂപ എന്ന ഇനം കൂട്ടിച്ചേർക്കാനുമുള്ള ഡിപ്പാർട്ടുമെന്റ് കൗൺസിലിൻറെ തീരുമാനം സർവ്വകലാശാലയുടെ അംഗീകാരത്തിനായി വകുപ്പ് മേധാവി പരാമർശം (2 ) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

3 .പരാമർശം (3) പ്രകാരം, വകുപ്പ് മേധാവി സമർപ്പിച്ച ഫീസ് ശുപാർശ സംബന്ധിച്ച വിഷയം, വിശദ പഠനം നടത്തുന്നതിലേക്കു സർവ്വകലാശാല സ്റ്റാൻഡിങ് കമ്മിറ്റി (CRLP & Finance) യെ ചുമതലപെടുത്തികൊണ്ടു ഉത്തരവായിരുന്നു.

4 .പരാമർശം (4) പ്രകാരം,മങ്ങാട്ടുപറമ്പ ,ഐ ടി പഠന വകുപ്പിലെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ സയൻസസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിലേക്കുള്ള കരുതൽ ധനം (caution deposit ) 2022-23 പ്രവേശനം മുതൽ 5000/- രൂപയിൽ നിന്നും 1000/- രൂപയാക്കി കുറക്കാനും, Department Development Fund ആയി 1000/- രൂപ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിക്കേണ്ടതില്ലെന്നും' ശിപാർശ ചെയ്തു

5 .പരാമർശം (5) പ്രകാരം, സർവ്വകലാശാല സിണ്ടിക്കേറ്റ് പ്രസ്തുത ശിപാർശ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

5.തദനുസൃതമായി താഴെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i മങ്ങാട്ടുപറമ്പ കാമ്പസ് , ഐ ടി പഠന വിഭാഗത്തിലെ രണ്ടു സെമെസ്റ്ററുകൾ ഉള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ സയൻസസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിലേക്കുള്ള Caution Deposit 2022-23 പ്രവേശനം മുതൽ 5000/- രൂപയിൽ നിന്നും 1000/- രൂപയായി കുറച്ചിരിക്കുന്നു

ii പരാമർശം (1) ലെ ഉത്തരവ് ഇതിൻ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു

ഒപ്പ്/-
**ബാലചന്ദ്രൻ വി കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:1.വകുപ്പ് മേധാവി ,ഐ ടി പഠന വിഭാഗം
2.വെബ് മാനേജർ

പകർപ്പ്: 1. വി .സി .യുടെ പി .എസ്
2.പി .വി.സി./ രജിസ്ട്രാർ / പരീക്ഷ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി .എ മാർ
3.ഡി .എസ്.എസ് ,എൻക്വയറി
4 .കരുതൽ ഫയൽ ,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ